LIBRARY ARCHIVES Kerala Legislative Assembly

പേരയം സർക്കാർ ആയുർവേദ ആശുപത്രിക്ക് കെട്ടിടം

145 (810) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പേരയം സർക്കാർ ആയുർവേദ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിക്കണമെന്ന പ്രൊപ്പോസൽ നിലവിലുണ്ടോ; എന്നാണ് ഈ പ്രൊപ്പോസൽ സമർപ്പിക്കപ്പെട്ടത് എന്നറിയിക്കാമോ ;

(ബി) എന്തുകൊണ്ടാണ് ഈ പ്രൊപ്പോസലിന് അംഗീകാരം നൽകാത്തതെന്ന് വിശദമാക്കുമോ ;

(സി) നിസ്സാരമായ സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി വളരെ പിന്നോക്കം നിൽക്കുന്ന ഗ്രാമങ്ങളിലെ പാവപ്പെട്ട ജനങ്ങളുടെ ഏക ആശ്രയമായ ഇത്തരം ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ;

(ഡി) പേരയം ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 3-9-2014-ൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി-ഡി) വാമനപുരം നിയോജകമണ്ഡലത്തിലെ പേരയത്ത് എൻ.ആർ.എച്ച്.എം.-ന് കീഴിലുള്ള താല്ക്കാലിക ആയുർവേദ ഡിസ്പെൻസറിയാണ് പ്രവർത്തിക്കുന്നത്. താല്ക്കാലിക ഡിസ്പെൻസറികൾക്ക് കെട്ടിടം നിർമ്മിക്കേണ്ട ആവശ്യകത സംബന്ധിച്ച് ധനകാര്യവകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

146 (811) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ ;

(ബി) ആയുർവേദ മരുന്നുകളുടെ പരസ്യം സംബന്ധിച്ച് എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(സി) ഇത്തരം മരുന്നുകളുടെ ഗുണനിലവാര പരിശോധനാഫലം ജനങ്ങളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ഒരു സെക്ഷൻ ആയുർവേദ വിഭാഗത്തിന് മാത്രമായി പ്രവർത്തിക്കുന്നു. ഇവിടെ ഔഷധ ഗുണനിലവാര പരിശോധനയ്ക്കായി 1 അനലിസ്റ്റ് ഗ്രേഡ് II-ഉം 2 അനലിസ്റ്റ് ഗ്രേഡ് III ഉം ഉൾപ്പെടെ മൂന്നു ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. ഗുണനിലവാര പരിശോധന സാക്ഷ്യപ്പെടുത്തുന്നത് അനലിസ്റ്റ് ഗ്രേഡ് II (ഗവൺമെന്റ് അനലിസ്റ്റ്) ആണ്. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഔഷധ നിർമ്മാണശാലകളിൽനിന്നും പൊതു വിപണിയിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നു. പരിശോധനയിൽ ഗുണനിലവാരം ഇല്ലായെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത ഔഷധ നിർമ്മാതാവിനെതിരെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് ആന്റ് റൂൾസ് പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള സംവിധാനങ്ങൾക്കുപുറമെ എറണാകുളത്ത് കാക്കനാട്ടുള്ള റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ആയുർവേദത്തിനായി ഒരു വിഭാഗം അനുവദിച്ചിട്ടുണ്ട്.

(ബി) ആയുർവേദ ഔഷധങ്ങളുടെ പരസ്യങ്ങൾ നിയന്ത്രിക്കുവാൻ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർട്ടൈസ്മെന്റ്) ആക്ട് 1954 പ്രകാരം വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. പരസ്യ നിയമം ലംഘിച്ചതിനെതിരെ 127 കേസ്സുകൾ സംസ്ഥാനത്തെ വിവിധ കോടതികളിലായി നടന്നുവരുന്നു.

(സി) ഗുണനിലവാരം ഇല്ലാത്ത ഔഷധങ്ങൾ (നോട്ട് ഓഫ് സ്റ്റാൻഡേർഡ് ക്വാളിറ്റി) സംബന്ധിച്ച വിവരങ്ങൾ പത്രദ്വാരാ പ്രസിദ്ധീകരിക്കുകയും വകുപ്പിന് കീഴിൽ വരുന്ന ജില്ലാ ആഫീസ്, റീജിയണൽ ആഫീസ് എന്നിവിടങ്ങളിൽ നോട്ടീസായി പ്രദർശിപ്പിക്കുകയും അരിഷ്ടാസവങ്ങളുടെ കാര്യത്തിൽ എക്സൈസ് വകുപ്പിനെ അറിയിക്കുകയും ചെയ്യുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly